പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 124

# 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 124

# 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ

840/2022(i).

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 124

# 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ

2022-2023 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2022-2023 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരി ക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2022-2023 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 28,92,07,000 രൂപ നൽകൽ.—2022-2023 സാമ്പത്തികവർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും മൊത്തം ഇരുപത്തി യെട്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി ഏഴായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടു ത്തിയിട്ടുള്ള തുകകൾ 2022-2023 സാമ്പത്തികവർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കുംവേണ്ടി വിനിയോഗിക്കേണ്ടതാണ്.

# പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തത് (₹) | ആകെ (₹) |
| 1 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | റവന്യൂ | 2,000 | .. | 2,000 |
| 2 | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 2,000 | .. | 2,000 |
| 3 | V | ചരക്ക് സേവന നികുതിയും, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | റവന്യൂ | 1,000 | .. | 1,000 |
| 4 | X | ട്രഷറികളും അക്കൗണ്ടുകളും | റവന്യൂ | 2,000 | .. | 2,000 |
| 5 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 20,19,23,000 | .. | 20,19,23,000 |
| 6 | XII | പോലീസ് | റവന്യൂ | 2,000 | .. | 2,000 |
| 7 | XIII | ജയിലുകൾ | റവന്യൂ | 1,000 | .. | 1,000 |
| 8 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | .. | *24,05,000* | 24,05,000 |
| 9 | XVI | പെൻഷനും പലവകയും | റവന്യൂ | 4,000 | .. | 4,000 |
| 10 | XVII | വിദ്യാഭ്യാസം, കായികവിനോദം, | റവന്യൂ | 9,000 | .. | 9,000 |
| | | കല, സംസ്കാരം | മൂലധനം | 2,000 | .. | 2,000 |
| 11 | XVIII | വൈദ്യസഹായരംഗവും | റവന്യൂ | 2,000 | .. | 2,000 |
| | | പൊതുജനാരോഗ്യവും | മൂലധനം | 1,000 | .. | 1,000 |
| 12 | XX | ശുദ്ധജല വിതരണവും ശുചീകരണവും | റവന്യൂ | 1,000 | .. | 1,000 |
| 13 | XXII | നഗരവികസനം | മൂലധനം | .. | *3,84,18,000* | 3,84,18,000 |
| 14 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും | മൂലധനം | 1,000 | .. | 1,000 |
| 15 | XXVII | സഹകരണം | റവന്യൂ | 1,000 | .. | 1,000 |
| 16 | XXIX | കൃഷി | റവന്യൂ | 6,000 | .. | 6,000 |
| | | | മൂലധനം | 2,000 | .. | 2,000 |

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | *കവിയാൻ പാടില്ലാത്ത തുകകൾ* | | |
| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന നമ്പർ* | *സർവ്വീസുകളും ആവശ്യങ്ങളും* | | *നിയമസഭ വോട്ട് ചെയ്തത് (₹)* | *സഞ്ചിതനിധിയിന്മേൽ ചാർജ്ജ് ചെയ്തത് (₹)* | *ആകെ (₹)* |
| 17 | XXX | ഭക്ഷ്യം | റവന്യൂ | 1,000 | *7,61,000* | 7,62,000 |
| 18 | XXXII | ക്ഷീരവികസനം | മൂലധനം | 1,000 | *4,01,48,000* | 4,01,49,000 |
| 19 | XXXVII | വ്യവസായങ്ങൾ | റവന്യൂ | 57,000 | .. | 57,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 20 | XXXVIII | ജലസേചനം | മൂലധനം | 2,000 | .. | 2,000 |
| 21 | XLII | വിനോദസഞ്ചാരം | റവന്യൂ | 1,000 | .. | 1,000 |
| | | | മൂലധനം | 1,000 | *54,47,000* | 54,48,000 |
| 22 | XLVI | സാമൂഹ്യസുരക്ഷിതത്വവും | റവന്യൂ | 1,000 | .. | 1,000 |
| | | ക്ഷേമവും | മൂലധനം | 1,000 | .. | 1,000 |
| | | | **ആകെ** | **20,20,28,000** | ***8,71,79,000*** | **28,92,07,000** |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2022–2023 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഭാരത ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ച പ്രകാരമുള്ള അതിലെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

കെ. എൻ. ബാലഗോപാൽ.